# മന്ന

യു. എ. ഇ., കുവൈത്ത്, തൃശ്ശൂർ & കൊച്ചിൻ വാല്യം 4 ലക്കം 5

news@newsmanna.com www.newsmanna.com

050 3241610, 055 3969791 ഏപ്രിൽ 2011



INSIDE THIS ISSUE



മനസാക്ഷിയിൽ തെളിയേണ്ട മരണപുനരുത്ഥാനങ്ങൾ


## മാനത്ത് മരണഗർത്തം!

**വാഷിങ്ടൺ:** മനുഷ്യന്റെ ജീവൻതന്നെ നശിക്കുംവിധം ഭൂമിയുടെ ഉത്തരധ്രുവത്തിൽ ഓസോൺ പാളിയുടെ നാശം അപകടകരമാംവിധം വർധിച്ചതായി ഐക്യരാഷ്ട്രസഭാ കാലാവസ്ഥാ ഗവേഷകസംഘം കണ്ടെത്തി. ആർട്ടിക് സമുദ്രവും കാനഡ, റഷ്യ, അമേരിക്ക, സ്വീഡൻ, ഫിൻലന്റ്, നോർവെ തുടങ്ങിയ രാജ്യങ്ങളും ഉൾപ്പെടുന്ന ആർട്ടിക് മേഖലയിലാണ് ഓസോൺ പാളി 40 ശതമാനവും നശിച്ചത്. ഒരു വർഷത്തിനിടെ പത്തു ശതമാനം ഓസോൺ നാശമുണ്ടായി. സൂര്യനിൽനിന്നുള്ള അപകടകരമായ രശ്മികളെ തടഞ്ഞ് ഒരു കുടപോലെ ഭൂമിയെ സംരക്ഷിക്കുന്ന ഓസോൺ പാളിയുടെ നാശം ഗുരുതരമായ പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്ന് ഗവേഷകർ മുന്നറിയിപ്പ് നൽകുന്നു. വ്യാവസായിക മാലിന്യങ്ങൾ അന്തരീക്ഷത്തിൽ അധികമായതാണ് ഓസോണിന്റെ അതിവേഗനാശത്തിനു കാരണം. കാലാവസ്ഥാവ്യതിയാനവും മറ്റൊരു കാരണമാണെന്നു ലോകകാലാവസ്ഥാ സംഘടനകളുടെ സെക്രട്ടറി ജനറൽ മൈക്കൽ ജറോഡ് പറഞ്ഞു. ഓസോൺ സംരക്ഷണത്തിൽ ലോകരാജ്യങ്ങൾ കൂടുതൽ ജാഗ്രത പുലർത്തണമെന്നാണ് പുതിയ വിവരങ്ങൾ സൂചിപ്പിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. ഇനിയും കരുതൽ പുലർത്തിയാൽപോലും ഓസോണിനുണ്ടായ നാശം പരിഹരിക്കാൻ അമ്പതു വർഷമെങ്കിലും വേണ്ടിവരും.



# ലോകം എങ്ങോട്ട് ?

പ്രചണ്ഡമായ സുനാമിത്തിരകൾ ജപ്പാനെ ദുരന്തങ്ങളുടെ കണ്ണീർക്കയത്തിലാഴ്ത്തിയിരിക്കുകയാണ്. ജപ്പാന്റെ വടക്കു- കിഴക്കൻ തീരത്ത് സെൻദായ്, മിയാഗി എന്നീ നഗരങ്ങൾക്കു സമീപമാണ് രാക്ഷസത്തിരകൾ ദുരന്തം വിതച്ചത്. മൂന്നുനിലകെട്ടിടത്തോളം ഉയരത്തിൽ ഇരച്ചെത്തിയ തിരമാലകൾക്കു മുന്നിൽ മറ്റൊന്നിനും പിടിച്ചുനില്ക്കാനായില്ല. റിക്ടർ സ്കെയിലിൽ ഒമ്പത് പോയിന്റ് രേഖപ്പെടുത്തിയ അതിശക്തമായ ഭൂകമ്പഫലമായി ഭൂമിയുടെ അച്ചുതണ്ട് പത്തു സെന്റീമീറ്ററോളം ചരിഞ്ഞതായും ജപ്പാനിലെ പ്രധാനദ്വീപിനു 2.4 മീറ്ററോളം സ്ഥാനഭ്രംശം ഉണ്ടായതായും യു.എസ്. ജിയോളജിക്കൽ സർവ്വേ കണ്ടെത്തി.

ഭൂകമ്പവും സുനാമിയും ഇരുപതിനായിരത്തോളം പേരുടെ ജീവനപഹരിച്ചു. ഒരു ലക്ഷം കുഞ്ഞുങ്ങൾക്ക് ഉറ്റവരും ഉടയവരും നഷ്ടമായി. രണ്ടരലക്ഷത്തോളം പേർ ഭവനരഹിതരായി വിവിധ ക്യാമ്പുകളിൽ കഴിയുന്നു. പല നഗരങ്ങളിലും പതിനായിരക്കണക്കിനു പേരെക്കുറിച്ച് പ്രാദേശിക ഭരണകൂടങ്ങൾക്കു വിവരങ്ങളൊന്നുമില്ല.

പ്രകൃതി ദുരന്തത്തെക്കാൾ ഭയാനകമായ അവസ്ഥയാണ് ഫുകുഷിമ ആണവനിലയത്തിലുണ്ടായ സ്ഫോടനം. അണുവികിരണം വ്യാപിക്കുമെന്ന ആശങ്കയിലാണ് ജപ്പാൻ. സമ്പൂർണതകർച്ചയിൽ നിന്നും ആണവനിലയത്തെ രക്ഷിക്കാൻ മാർഗം കാണാതെ പകച്ച് നില്ക്കുകയാണ് അധികൃതർ. ലോകമാകെ റേഡിയേഷൻ പകരുമെന്ന ഭീതിവേണ്ടെന്ന് ലോകാരോഗ്യസംഘടന അറിയിച്ചു.

അതേസമയം പശ്ചിമേഷ്യയും ഉത്തരാഫ്രിക്കയും രാഷ്ട്രീയകലാപങ്ങളാൽ നീറിപ്പുകയുകയാണ്. രാഷ്ട്രീയസ്വാതന്ത്ര്യവും മനുഷ്യാവകാശങ്ങളും ധ്വംസിക്കപ്പെടുന്ന രാജ്യങ്ങളിൽ ജനാധിപത്യസ്വാതന്ത്ര്യത്തിനുള്ള മുന്നേറ്റം ശക്തിപ്പെടുന്നു. കമ്യൂണിസത്തിന്റെ ഉരുക്കുകോട്ടകൾ തകരുന്നു. സോവ്യറ്റ് റഷ്യ ശിഥിലമായി. ചൈനയിൽ മാറ്റങ്ങൾക്കുവേണ്ടി മുറവിളി ഉയരുന്നു. അപ്പോൾ തന്നെ സ്വാതന്ത്ര്യം ആസ്വദിക്കുന്ന രാജ്യങ്ങളിൽ വെല്ലുവിളികൾ നേരിടുകയാണ് ജനാധിപത്യം. അരാജകത്വത്തിലേക്ക് നീങ്ങുകയാണ് പല ജനാധിപത്യ രാജ്യങ്ങളും. ഭരണകൂടങ്ങൾക്ക് സുസ്ഥിരത നഷ്ടമായിരിക്കുന്നു. ഒരിക്കലും ഇളകാത്ത ഒരു മശിഹൈക ഭരണത്തിലേക്ക് ലോകം നീങ്ങുകയാണ്.

ബൈബിൾ പ്രവചനങ്ങൾ അക്ഷരംപ്രതി സംഭവിക്കുന്നു. ഇത് യുദ്ധങ്ങളും യുദ്ധശ്രുതികളും അധികമായി കേൾക്കുന്ന കാലം. ജാതിജാതിയോടും രാജ്യം രാജ്യത്തോടും എതിർക്കുന്ന പ്രവണത വർധിച്ചിരിക്കുന്നു. ക്ഷാമങ്ങളും ഭൂകമ്പങ്ങളും ലോകം നിരവധി കണ്ടുകഴിഞ്ഞു. ഏറ്റവും ഒടുവിൽ ലോകത്തെ ഞെട്ടിച്ചുകൊണ്ട് ജപ്പാനിൽ ഭൂകമ്പത്തിന്റെ ഭീകരതാണ്ഡവം. ഈ സംഭവങ്ങളൊക്കെ ഈറ്റുനോവിന്റെ ആരംഭമെന്ന് കർത്താവ് മുന്നറിയിച്ചിരിക്കുന്നു. സർവ്വസൃഷ്ടിയും ഇന്നുവരെ ഒരുപോലെ ഞരങ്ങി ഈറ്റുനോവോടിരിക്കുന്നത് ദുരിതങ്ങളും ദുഃഖങ്ങളും ഒഴിഞ്ഞ ഒരു പുതുവാന ഭൂമിക്കുവേണ്ടിയാണ്.

വരാൻപോകുന്ന മശിഹൈകഭരണത്തെക്കുറിച്ച് നിരന്തരമുള്ള മുന്നറിയിപ്പുകളെ വിസ്മരിച്ചുകൊണ്ടുള്ള ഭൗതികപറുദീസാലോകം പടുത്തുയർത്തുകയാണ്. വ്യവസായവത്ക്കരണവും സാങ്കേതികവിദ്യയും ഒന്നിച്ചുയർത്തുന്ന ബാബേലുകൾ ദൈവിക പദ്ധതികൾക്കു വെല്ലുവിളി ഉയർത്തുമ്പോൾ കുഴച്ചിലുകളും ആശങ്കകളും വഴിമുടക്കുന്നു. അപ്രതീക്ഷിത പ്രകൃതി ദുരന്തങ്ങൾക്കു മുന്നിൽ മനുഷ്യന്റെ സാങ്കേതിക വൈദഗ്ധ്യങ്ങൾ പകച്ചുപോകുന്നു. തങ്ങൾ മർത്യരെന്നു ജാതികൾ തിരിച്ചറിയാൻ വലിയവനായ ദൈവം ഭയം വരുത്തുന്ന സന്ദർഭമെന്ന് തിരിച്ചറിയാനുള്ള അവസരം.

ലോകം ചോദിക്കുന്ന ചോദ്യത്തിനും ഉത്തരം ഒന്നേയുള്ളൂ. ഒരു മാറ്റത്തിന്റെ പാതയിലാണ് ലോകം. ഒരു പുതിയ ആകാശവും ഭൂമിയും വരവാകുകയാണ്. അത് മാനവരാശി തിരിച്ചറിയണം.

## ലോകാവസാനം ഭയന്ന് മനുഷ്യൻ ഭൂമിക്കടിയിലേക്ക്

**അമേരിക്ക:** ലോകാവസാനം ഭയന്ന് മനുഷ്യർ ഭൂമിക്കടിയിൽ ഉണ്ടാക്കിയിട്ടുള്ള ഡൂംസ് ഡേ ബങ്കറുകളിലേക്ക് താമസം മാറ്റാൻ ആലോചിക്കുന്നു. ലോകാവസാനത്തിന് കാരണമായേക്കാവുന്ന വൻ പ്രകൃതി ദുരന്തങ്ങളിൽ നിന്നും ആണവയുദ്ധഭീഷണിയിൽ നിന്നും രക്ഷനേടാൻ ശേഷിയുള്ള ഡൂംസ് ഡേ ബങ്കറുകൾക്ക് ഈയിടെയായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ലക്ഷക്കണക്കിന് ആവശ്യക്കാർ ഉണ്ടായതായി ബങ്കറുകളുടെ വിതരണക്കാരായ നോർത്തേൺ ഷെൽറ്റർ സിസ്റ്റംസ്, അണ്ടർ ഗ്രൗണ്ട് ഷൽറ്റർ ഡോട്ട്കോം തുടങ്ങിയ കമ്പനികൾ റിപ്പോർട്ട് ചെയ്യുന്നു. അടുത്തകാലം വരെ കേവലം 20 ശതമാനം മാത്രമായിരുന്ന വില്പന ഇപ്പോൾ 1000 ശതമാനമായി ഉയർന്നതായി അവർ വെളിപ്പെടുത്തുന്നു. ലോകത്ത് പലയിടത്തും അടിക്കടിയുണ്ടാകുന്ന ഭൂകമ്പങ്ങളടക്കമുള്ള പ്രകൃതി ദുരന്തങ്ങളും ജപ്പാനിലെ ആണവകേന്ദ്രങ്ങളിൽ നിന്നുള്ള അണുവികിരണവും ലിബിയ തുടങ്ങിയ രാജ്യങ്ങളിലെ ആഭ്യന്തര കലാപങ്ങളും ലോകാവസാനത്തിന് മുമ്പുള്ള സംഭവങ്ങളാണെന്നും പറയുന്നതാണ് കച്ചവടം കൂടാൻ കാരണമായി. രണ്ടു ലക്ഷം അമേരിക്കൻ ഡോളർ മുതൽ 20 മില്യൻ ഡോളർവരെ യാണ് വില.


JESUS CHRIST THE SAME YESTERDAY TODAY & FOREVER
Private circulation only
BLESS
2011
DUBAI
SPECIAL PRAYER FOR THE SICK AND SUFFERING WILL BE OFFERED
BRO. RAM BABU
CFAN Church Service every Friday at 8:30am at SHEIKH RASHID AUDITORIUM, INDIAN HIGH SCHOOL, Dubai, UAE.
High Praise & Deep Worship by
LEVITES
CFAN
10th-13th April, 2011 | Doors open at 7:30pm
Sheikh Rashid Auditorium, Dubai.
For more details kindly contact | 055 7874467
info@cfandubai.com | www.cfandubai.com
www.facebook.com/CFANDUBAI
www.youtube.com/CFANDUBAI
Hosted by:
CHURCH FOR ALL NATIONS
Lobo Designz - 00971 506156438

# മുസഫാ ചർച്ച് സെന്ററിൽ വിവിധ സഭകളുടെ ആരാധനകൾ ആരംഭിച്ചു

**മുസഫാ:** അബുദബിയിലെ വേർപെട്ട സഭകളുടെ സഹകരണത്തോടെ ബ്രദറൺ ക്രിസ്ത്യൻ അസംബ്ലി മുസഫാ പട്ടണത്തിൽ പണികഴിപ്പിച്ച ചർച്ച് സെന്ററിൽ വിവിധ പെന്തെക്കോസ്തു സഭകളുടെ ആരാധനകൾ ആരംഭിച്ചു.

ഐ.പി.സി. എബനേസർ ചർച്ചിന്റെ ആരാധന ദേശീയ പ്രസിഡന്റ് പാസ്റ്റർ കെ.സി. ജോൺ ഉദ്ഘാടനം ചെയ്തു. യു.എ.ഇ. റീജിയൻ പ്രസിഡന്റ് പാസ്റ്റർ വിൽസൻ ജോസഫ് അധ്യക്ഷത വഹിച്ചു. പാസ്റ്റർ ജേക്കബ് ശാമുവേൽ ആമുഖപ്രസംഗം നടത്തി. പാസ്റ്റേഴ്സ് രാജൻ ഏബ്രഹാം, മത്തായി ഫിലിപ്പോസ്, ഇവാ. ഉമ്മൻ കെ. ഉമ്മൻ, വർഗീസ് ചാക്കോ, ജോൺസൺ പി. ജോൺ, വർഗീസ് ജേക്കബ്, ബഞ്ചമിൻ ശാമുവേൽ എന്നിവർ ആശംസകൾ അറിയിച്ചു. സഭാശുശ്രൂഷകൻ പാസ്റ്റർ ജോർജ് സി. മാത്യു സ്വാഗതവും ഇവാ. റ്റി.എം. ഏബ്രഹാം നന്ദിയും പറഞ്ഞു. മുസഫ കർമേൽ ഐ.പി.സി. ആരാധന യു.എ.ഇ. റീജിയൻ പ്രസിഡന്റ് പാസ്റ്റർ വിൽസൺ ജോസഫ് ഉദ്ഘാടനം ചെയ്തു. സഭാശുശ്രൂഷകൻ പാസ്റ്റർ എം.എം. തോമസ് അധ്യക്ഷത വഹിച്ചു. പാസ്റ്റേഴ്സ് ജേക്കബ് ജോർജ്, സോമൻ, വിൽസൺ ദാനിയേൽ, ഇവാ. റ്റി.എം. ഏബ്രഹാം, ഇവാ. തോംസൺ എം. തോമസ്, ഇവാ. ഷാജി എം, ജോമോൻ ഐപ്പ് എന്നിവർ ആശംസകൾ അറിയിച്ചു. സഭാസെക്രട്ടറി സാം മൊറോക്കി സ്വാഗതവും, ഇവാ. അമർ ജോസഫ് നന്ദിയും പറഞ്ഞു. ബെഥേൽ ചർച്ച് ഓഫ് ഗോഡ് ആരാധന സഭയുടെ സീനിയർ ശുശ്രൂഷകൻ പാസ്റ്റർ പി. ജെ. ഏബ്രഹാം ഉദ്ഘാടനം ചെയ്തു. പാസ്റ്റേഴ്സ് പീറ്റർ രാമചന്ദ്രൻ, റ്റി. ജെ. ജോൺ എന്നിവർ പ്രസംഗിച്ചു. ഇവാ. ബെന്നി പി. ജോൺ, ഇവാ. ജോർജ് രാജൻ, ജോയ് മാത്യു, കെ.ഐ. ഇട്ടി, ബിജു യോഹന്നാൻ, സജി ബേബി, മനോജ് മാത്യു എന്നിവർ ആശംസകൾ അറിയിച്ചു.

ശാരോൻ ഫെലോഷിപ്പ് അബുദബി ചർച്ചിന്റെ ആരാധനയുടെ ഉദ്ഘാടനം സഭയുടെ ദേശീയ പ്രസിഡന്റ് ഡോ. റ്റി.ജി. കോശി നിർവ്വഹിച്ചു. സഭാശുശ്രൂഷകൻ പാസ്റ്റർ ജേക്കബ് ജോർജ്ജ് മുണ്ടക്കൽ അധ്യക്ഷത വഹിച്ചു. പാസ്റ്റർ ജോസ് മാത്യു, ബിജു തോമസ് എന്നിവർ സംസാരിച്ചു. അബുദി ശാലേം ചർച്ച് ഓഫ് ഗോഡിന്റെ ആരാധനയുടെ ഉദ്ഘാടനം സഭാശുശ്രൂഷകൻ പാസ്റ്റർ പി.റ്റി. പ്രസാദ് നിർവ്വഹിച്ചു. ഐ.പി.സി. ഗിൽഗാൽ ചർച്ചിന്റെ ആരാധന സഭാശുശ്രൂഷകൻ പാസ്റ്റർരാജു പി. നായർ പ്രാർഥിച്ച് ആരംഭിച്ചു.

ചർച്ച് ഓഫ് ഗോഡ് (കല്ലുമല) സഭയുടെ ആരാധന എല്ലാ ചൊവ്വാഴ്ചയും വെള്ളിയാഴ്ചയും ഇവിടെ നടക്കുന്നു. പാസ്റ്റേഴ്സ് പി.ജെ. തോമസ്, ബെന്യാമീൻ വർഗീസ് എന്നിവർ നേതൃത്വം നല്കുന്നു.



ഐ.പി.സി. എബനേസർ ചർച്ചിന്റെ ആരാധന ദേശീയ പ്രസിഡന്റ് പാസ്റ്റർ കെ.സി. ജോൺ ഉദ്ഘാടനം ചെയ്യുന്നു.



മുസഫ കർമേൽ ഐ.പി.സി. ആരാധന യു.എ.ഇ. റീജിയൻ പ്രസിഡന്റ് പാസ്റ്റർ വിൽസൺ ജോസഫ് ഉദ്ഘാടനം ചെയ്യുന്നു.

## ഹിന്ദി കൂട്ടായ്മ ആരംഭിച്ചു

**അബുദബി:** 'മസിഹി സംഗതി' ഹിന്ദി കൂട്ടായ്മ മുസഫ ബ്രദറൺ ചർച്ച് സെന്ററിൽ ആരംഭിച്ചു. എല്ലാ വെള്ളിയാഴ്ച രാത്രി എട്ടു മുതൽ പത്തുവരെ നടക്കുന്ന ആരാധനയുടെ ഉദ്ഘാടനം പാസ്റ്റർ ജോയി ഏബ്രഹാം നിർവ്വഹിച്ചു. ഉത്തരേന്ത്യക്കാരുടെ ഇടയിലെ സുവിശേഷീകരണവും കൂട്ടായ്മയും ലക്ഷ്യമാക്കി പ്രവർത്തിക്കുന്നതാണ് ഈ കൂട്ടായ്മ.

കൂടുതൽ വാർത്തകൾ പേജ് 7 കാണുക

**CORNICHE MOVERS**

Professional in Packing & Moving
Shifting of Flats, Villas & offices
Dismantling & Re-fixing
Door to Door Cargo Service
Free Survey. Reasonable Charge
CONTACT NO
050-8013299 /055-1723844
Sunview001@hotmail.com



പാസ്റ്റർ ഫിന്നി



പാസ്റ്റർ ജോർജ് മാത്യു



വർഗീസ് ജേക്കബ്



ജോയി മാത്യു



സാബു മാത്യു



പി. ജോമോൻ



ഷിബു ദാനിയേൽ

## ആപ്കോൺ ഭാരവാഹികളെ തെരഞ്ഞെടുത്തു

### പാസ്റ്റർ ഫിന്നി ജോർജ് പ്രസിഡന്റ്, വർഗീസ് ജേക്കബ് സെക്രട്ടറി

**അബുദബി:** അബുദബിയിലെ പെന്തെക്കോസ്തു സഭകളുടെ ഐക്യവേദിയായ അബുദബി പെന്തെക്കോസ്തൽ ചർച്ചസ് കോൺഗ്രിഗേഷൻ (ആപ്കോൺ) ഭാരവാഹികളെ തെരഞ്ഞെടുത്തു. അബുദബി പെന്തെക്കോസ്തൽ ചർച്ച് ശുശ്രൂഷകൻ പാസ്റ്റർ ഫിന്നി ജോർജ് പ്രസിഡന്റായും, ഐ.പി.സി. എബനേസർ ചർച്ച് സീനിയർ ശുശ്രൂഷകൻ പാസ്റ്റർ ജോർജ് മാത്യു വൈസ് പ്രസിഡന്റായും, ഐ.പി.സി. അബുദബി സഭാംഗം വർഗീസ് ജേക്കബ് (ജിജി) സെക്രട്ടറിയായും, ബെഥേൽ ചർച്ച് ഓഫ് ഗോഡ് സഭാംഗം ജോയ് മാത്യു ജോയിന്റ് സെക്രട്ടറിയായും, പെനിയേൽ ചർച്ച് ഓഫ് ഗോഡ് സഭാംഗം സാബു മാത്യു ട്രഷററായും, ശാരോൻ ചർച്ച് അംഗം ബി. ജോമോൻ (ജോ. ട്രഷററായും തെരഞ്ഞെടുത്തു.

ഷിബു ഡാനിയേലാണ് ക്വയർ ലീഡർ, പാസ്റ്റേഴ്സ് ബെന്യാമീൻ വർഗീസ്, ജോൺസൺ കെ. ശാമുവേൽ, ജോർജുകുട്ടി, ഡോ. മാത്യൂസ്, ഇവാ. ജോർജ് തോമസ് എന്നിവർ (പ്രയർ കോർഡിനേറ്റേഴ്സ്), സാം സൈമൺ, എ.എസ്. രാജൻ (പബ്ലിസിറ്റി കൺവീനേഴ്സ്) എന്നിവരെയും തെരഞ്ഞെടുത്തു. പ്രസിഡന്റായി തെരഞ്ഞെടുത്ത പാസ്റ്റർ ഫിന്നി എ.ജി. മലയാളം ഡിസ്ട്രിക്ട് കൗൺസിൽ സെക്രട്ടറി, പുനലൂർ ബെഥേൽ ബൈബിൾ കോളേജ് രജിസ്ട്രാർ തുടങ്ങിയ വിവിധ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഇവാഞ്ചലിക്കൽ ചർച്ച് സെന്ററിൽ നടന്ന വാർഷിക ഗവേണിങ് കൗൺസിൽ യോഗമാണ് ഭാരവാഹികളെ തെരഞ്ഞെടുത്തത്. പ്രസിഡന്റ് പാസ്റ്റർ പി.ജെ. ഏബ്രഹാം അധ്യക്ഷത വഹിച്ചു. ജോയിന്റ് സെക്രട്ടറി റെന്നി ജേക്കബ് റിപ്പോർട്ടും, ട്രഷറാർ ടൈറ്റസ് കെ. വാർഷിക കണക്കും അവതരിപ്പിച്ചു. സെക്രട്ടറി സോണി ഏബ്രഹാം തെരഞ്ഞെടുപ്പ് നിയന്ത്രിച്ചു.




**MATRIMONIAL**

Syrian Pentacostal Boy, 29 yrs, 5'11", Engineer, well employed in Dubai, seeking alliance from born again professionals.
Contact: +971551681976
email: melon_nt@yahoo.com.

**RESIDENTIAL PLOTS AVAILABLE IN TRIVANDRUM CITY**

RESIDENTIAL PLOTS AVAILABLE IN A RESIDENTIAL COLONY NEAR ST THOMAS SCHOOL & P R S COLLAGE OF ENGINEERING AND NEAR COLLECTRATE TRIVANDRUM CITY 5, 7, 10 CENTS AS REQUIRED. LIMITED PLOTS REMAINING.
CONTACT: 00919446443440
0097150 2650125

**FOR SALE**

9 Cents of plot with a large two storied house in Kanjikuzhy/Kottayam
Contact: Santhosh 0091 9633191580 (Kerala); Mrs J. Mathew 0504103952 (UAE).

**നിങ്ങൾ നീറുന്ന പ്രശ്നങ്ങളാൽ ഭാരപ്പെടുന്നുണ്ടോ....**

ആരോടും പങ്കുവെയ്ക്കുവാൻ കഴിയാത്ത വേദനകളാൽ ബുദ്ധിമുട്ടുന്നുണ്ടോ? കടന്നുവരിക....
വരുവിൻ നാം വണങ്ങി നമസ്കരിക്ക, നമ്മെ നിർമിച്ച യഹോവയുടെ മുമ്പിൽ മുട്ടുകുത്തുക.

റിലീഫ് നെറ്റ് ഒരുക്കുന്ന
**പ്രാർഥനാകൂട്ടായ്മയും വചനധ്യാനവും**
**എല്ലാ ശനിയാഴ്ചകളിൽ രാത്രി 8 മുതൽ 10 വരെ**
**മുസഫ: ബിസിസി ഹാളിൽ**
ഏവർക്കും സ്വാഗതം
കൂടുതൽ വിവരങ്ങൾക്ക്:
0503241610, 0558192399, 0507921729

**ചിന്തയ്ക്ക്** **സാബു ജോർജ് പന്തളം**

# നമ്മിലുമുണ്ട് അന്ധവിശ്വാസങ്ങൾ

**വി**ശ്വാസം ഒന്നേ ആകാവൂ- അത് ദൈവത്തിലുള്ള വിശ്വാസം തന്നെ. ആ വിശ്വാസത്തില് അധിഷ്ഠിതമായ പ്രവർത്തികളാണ് വേണ്ടത്. എന്നാൽ നമ്മൾ, മനുഷ്യർ വിശ്വാസത്തെ വിഭജിച്ച് പല തട്ടിലാക്കുന്നു. അൽപവിശ്വാസം, വലിയ വിശ്വാസം, കടുകുമണിയോളം വിശ്വാസം ഇവയൊക്കെ ദൈവവചനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വിശ്വാസവീരന്മാർ അവരുടെ ജീവിതം നയിച്ചത് ദൈവത്തിലുള്ള അചഞ്ചലമായ വിശ്വാസം കൈമുതലാക്കിയാണ്. ശിഷ്യന്മാരിൽ ഇടയ്ക്കിടെ പൊങ്ങിവന്ന അല്പവിശ്വാസങ്ങളെ യേശു ശാസിച്ചിട്ടുണ്ട്. ഇന്ന് ധാരാളം വിശ്വാസങ്ങളുണ്ട്. പുണ്യവാള വിശ്വാസം, വിഗ്രഹവിശ്വാസം, അമ്മവിശ്വാസം, മന്ത്രവാദവിശ്വാസം, പൂജാരിവിശ്വാസം, ലക്ഷണക്കാരെ വിശ്വാസം, മതവിശ്വാസം, ജാതിവിശ്വാസം തുടങ്ങി സഭാസംഘടന വിശ്വാസം വരെ നിലവിലുണ്ട്. പുണ്യവാളന്റെ മുമ്പിൽ മുട്ടുകുത്തി മുട്ടുവേദന മാറിയത് കൊണ്ട് അദ്ദേഹത്തെ മാത്രം വിശ്വസിക്കുന്നവരുണ്ട്. അമ്മയുടെ അടുക്കൽ എത്തി കരഞ്ഞപ്പോൾ കുഞ്ഞിക്കാൽ കണ്ടത് കൊണ്ട് അമ്മയാണ് സകലത്തിനും മതിയായത് എന്നു ചൊല്ലുന്നവരുണ്ട്. ഗുരുതരമായ രോഗത്താൽ അവശരായിരിക്കുന്ന പ്രിയപ്പെട്ടവരെ ആശുപത്രിയിലെത്തിക്കുവാൻ സമയം ശരിയല്ലെന്നു വിശ്വസിച്ച് നല്ല സമയം നോക്കി കാത്തിരിക്കുന്നവരുണ്ട്. ഇങ്ങനെ വിശ്വാസങ്ങൾ അന്ധമായി മനുഷ്യസമൂഹത്തിൽ വ്യാപരിക്കുന്നു. അന്ധവിശ്വാസങ്ങളെ നഖശിഖാന്തം എതിർക്കുന്ന സത്യദൈവവിശ്വാസികളിലും അന്ധമായ ചില ധാരണകളും കർമങ്ങളും വിശ്വാസങ്ങളും നിലനില്ക്കുന്നില്ലെന്ന് പറയാനാകുമോ? നമ്മിലുമുണ്ട് അന്ധവിശ്വാസങ്ങൾ. നമ്മിൽ പലർക്കും ഇന്ന് ദൈവത്തെക്കാൾ വിശ്വാസം സഭാ നടത്തിപ്പുകാരെയാണ്. സ്വന്തമായി ഒരു ചിന്തയുമില്ല. എല്ലാം ഇടയന്മാർ ചൊല്ലണം. ഇടയൻ എന്തു പറയുന്നു അതു വിശ്വസിക്കുന്ന എട്ടും പൊട്ടും തിരിയാത്ത നിഷ്കളങ്കരായ ആടുകൾ. ഇടയൻ പറഞ്ഞാൽ ഉപവസിക്കും. പ്രാർഥനയ്ക്ക് പോകും, സംഭാവന കൊടുക്കും, ഇല്ലെങ്കിൽ ഇതൊന്നുമില്ല. അവർക്ക് പനി പിടിച്ചാൽ ഇടയൻ വന്ന് തലയിൽ കൈവെച്ചു രോഗത്തെ ശാസിച്ചില്ലെങ്കിൽ അവരുടെ പനി മാറില്ലെന്ന് അവർ ചിന്തിച്ചുകൂട്ടുന്നു. ഇടയന്മാരെയും സഭയിലെ മൂപ്പന്മാരെയും വിശ്വസികക്കരുതെന്ന് അർഥമാക്കരുത്. ദൈവവചനത്തിൽ ഊന്നിയുള്ള അനുസരണവും വിശ്വാസവും വേണം. തങ്ങളുടെ സ്വാർഥതാല്പര്യങ്ങൾ നിറവേറ്റാൻ ലക്ഷ്യങ്ങൾ നേടിയെടുക്കാൻ പരിശുദ്ധാത്മാവിനെ കൂട്ടുപിടിച്ചു പറയുന്ന ദൈവവചനത്തിനു നിരക്കാത്ത വ്യാജപ്രസ്താവനകൾ അന്ധമായി വിശ്വസിച്ച് പണവും സമയവും അംഗീകാരവും സഭാനേതാക്കളിൽ അർപ്പിക്കുന്ന ജനം വിശ്വാസജീവിത്തതിന്റെ അംഗൻവാടിയിലേ ആയിട്ടുള്ളൂ. സ്വയം ദൈവവചനം വായിച്ചു ഗ്രഹിക്കുക. അത് നമുക്ക് വിവേകവും വിശ്വാസവും നല്കും. അതോടൊപ്പം പ്രായോഗിക ക്രിസ്തീയജീവിതം എങ്ങനെ നയിക്കണം എന്ന് വിശദീകരിക്കുന്ന നല്ല തിരുവചന പഠനങ്ങളിൽ പങ്കെടുക്കുക.

പ്രവാചക വിശ്വാസമാണ് ചിലർക്കുള്ളത്. പ്രവാചകൻ പ്രവചിക്കുന്നു. വിവാഹം വടക്കുനിന്നല്ല, കിഴക്കുനിന്നല്ല, പടിഞ്ഞാറ് നിന്നല്ല, തെക്ക് നിന്നാണ്. ഇത് വിശ്വസിച്ച് തെക്കോട്ട് നോക്കി വർഷങ്ങൾ കാത്തുനിന്ന ഒത്തിരിപ്പേരുണ്ട്. പ്രവാചകൻ പറഞ്ഞതനുസരിച്ച് നാല്പതു ദിവസം പട്ടിണി ഉപവാസം നടത്തുന്നവരുണ്ട്. അല്ലെങ്കിൽ ഒരുനേരം പോലും വിശന്നിരിക്കില്ല. ചന്തയിൽ പോകണമെങ്കിൽ പോലും പ്രാവാചകനോട് ചോദിക്കുന്ന നമ്മുടെ സമൂഹത്തിലെ ചിലരുടെ ഭക്തി അന്ധവിശ്വാസമല്ലേ. യേശു എത്ര പറഞ്ഞു തമ്മിൽ തമ്മിൽ സ്നേഹിക്കാൻ. പക്ഷെ നമുക്ക് അതിൽ വിശ്വാസമില്ല. സഭാനേതാക്കൾ വിഘടിച്ചു നില്ക്കുവാൻ ചെയ്യുന്ന പരിപാടികളെ എത്ര മാത്രം കണ്ണുമടച്ചാണ് നമ്മൾ വിശ്വസിച്ചുകൊണ്ട് നടക്കുന്നത്. കൈക്കൂലി കൊടുക്കാൻ ദൈവവചനത്തിൽ പ്രമാണമില്ലെങ്കിലും പ്രവാചകനോട് ആലോചന ചോദിച്ചിട്ട് കൈക്കൂലി കൊടുക്കുന്നവർ നമ്മുടെ ഇടയിലുണ്ട്.

ചങ്ങല പ്രാർഥന, മധ്യസ്ഥപ്രാർഥന, സാക്ഷ്യം പറച്ചിൽ, കരങ്ങൾ കോർത്തു പിടിച്ചുള്ള പ്രാർഥന ഇവയിലൊക്കെ അന്ധമായി വിശ്വസിക്കുന്നവരുണ്ട്. ഇവയൊക്കെ ഇല്ലെങ്കിൽ മറുപടി ലഭിക്കില്ല എന്നുള്ളത് അന്ധവിശ്വാസം തന്നെ. തിരക്കേറിയ ജീവിത സാഹചര്യത്തിൽ എത്രപേർ കൃത്യമായി ചങ്ങല കോർത്തു പ്രാർഥന നടത്തുന്നു. പിന്നെ നടത്തുന്നു എന്ന് അഭിമാനിക്കാൻ, പരസ്യപ്പെടുത്തുവാൻ മാത്രം ഇത്തരം ചങ്ങല പ്രഹസനങ്ങൾ. ഒരു ന്യൂനപക്ഷം ഇവയിലൊക്കെ വിശ്വസ്തത കാട്ടിയേക്കും. മധ്യസ്ഥപ്രാർഥനകൾ ആരാധനവേളകളിൽ ഒഴിവാക്കുവാൻ പറ്റാത്ത ഘടകമായി മാറി. അത് നല്ലതു തന്നെ, അതൊരു ചടങ്ങായി മാറുന്നത് ചിലർക്ക് അതിലുള്ള അന്ധവിശ്വാസംകൊണ്ടാണ്. പൊതുസഭാ ആരാധനയിൽ സാക്ഷ്യം പറഞ്ഞു പ്രാർഥനാ വിഷയം അവതരിപ്പിച്ചില്ലെങ്കിൽ വിടുതൽ കിട്ടില്ലെന്നുണ്ടോ. മനസ്സുകൾ തമ്മിൽ കോർക്കാതെയുള്ള കരം കോർക്കൽ പ്രാർഥനയ്ക്ക് എന്ത് പ്രസക്തി? ഹൃദയം നുറുങ്ങുന്നവർക്ക് യഹോവ സമീപസ്ഥൻ, മനസ്സു തകർന്നവർക്ക് ദൈവത്തിൽ നിന്നും രക്ഷയുണ്ട്. നമ്മുടെ വിശ്വാസത്തിന്റെ ആത്മാർഥത ബാഹ്യപ്രകടനങ്ങളിലാകരുത്. ആന്തരികമായ വേരോട്ടം ഉള്ളതാകണം.

നമ്മുടെ ഇടയിൽ ചില പ്രാദേശിക നിയമങ്ങളും വിശ്വാസങ്ങളും കർമങ്ങളും ഉപദേശങ്ങളും നിലനില്ക്കുന്നു. അവയൊക്കെ അന്ധമായ കാഴ്ചപ്പാട് തന്നെ. പ്രാദേശിക നിയമങ്ങളെ ബഹുമാനിക്കുക എന്നതിലുപരി അവകളിൽ ദൈവരാജ്യത്തിന്റെ പ്രവേശന ടിക്കറ്റും വിശുദ്ധിയുടെ പുതപ്പും അലങ്കരിക്കുന്നത് അബദ്ധധാരണയാണ്.

ശാന്തമായി പ്രസംഗിക്കുന്നവർക്ക് ആത്മികമില്ലെന്നും പ്രസംഗത്തെ ഇളക്കപ്പെരുപ്പമാക്കി മാറ്റുമ്പോഴേ പരിശുദ്ധാത്മാവ് പരിലസിക്കുകയുള്ളൂ എന്നും വിശ്വസിക്കുന്നവരുണ്ട്. ശാന്തമായ വചനധ്യാനത്തിലൂടെ ദൈവിക വിശ്വാസം വർധിപ്പിക്കുവാനാകും. രോഗസൗഖ്യമുണ്ടാകും. ദൈവത്തോട് സംസാരിക്കാനാകും. എന്നാൽ ഇന്ന് നമ്മിൽ ഇത്തരം വിശ്വാസങ്ങളെ തോല്പിച്ചുകൊണ്ട് അന്ധമായ വിശ്വാസങ്ങൾ പെരുകി വരുന്നു. കോലാഹല പ്രഭാഷകർ ആൾദൈവങ്ങളാകുന്നു. അവർ പറയുന്നതിനു മാത്രം ഹല്ലേലുയ്യാ പറയുന്നു. മനുഷ്യപുത്രൻ വരുമ്പോൾ ദൈവവിശ്വാസം കണ്ടെത്തുമോ... കണ്ടെത്തുന്നത് അന്ധമായ ജല്പ്പനങ്ങൾ ഉള്ള കുറെ പ്രഹസന സ്റ്റേജ് പ്രോഗ്രാമുകൾ മാത്രം.


# BETHEL CHURCH OF GOD
## ABUDHABI

**ക**ഴിഞ്ഞ 26 വർഷമായി അബുദാബിയിൽ ആത്മീയ ആരാധനയ്ക്കും സുവിശേഷീകരണപ്രവർത്തനങ്ങൾക്കുമായി നിലകൊള്ളുന്ന സഭയാണ് ബെഥേൽ ചർച്ച് ഓഫ് ഗോഡ്. ഉത്തർപ്രദേശ്, ഒറീസ്സാ, കേരളം എന്നിവിടങ്ങളിലായി 30 സഭാകൂടിവരവുകൾ ഉണ്ട്. ഒറീസ്സയിൽ സഭാഹാളുകളുടെ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. സുവിശേഷസ്നേഹികളുടെ ആത്മാർഥമായ പ്രാർഥനയും സഹകരണവും ഈ പ്രവർത്തനം ഇത്രത്തോളം വളരുവാൻ ഇടയാക്കി. വിശ്വാസത്താൽ ആരംഭിച്ച ഈ പ്രവർത്തനസ്ഥലങ്ങളിൽ 25 മുതൽ 100 വരെ വിശ്വാസികൾ കൂടിവന്ന് ആരാധിക്കുന്നു. എന്നാൽ മിക്കയിടങ്ങളിലും സഭാഹാൾ പണിയേണ്ടിയിരിക്കുന്നു. 60,000 രൂപ ചെലവു വരുന്ന ഹാളുകളാണ് നിർമാണപദ്ധതിയിലുള്ളത്. ഈ പ്രവർത്തനത്തിൽ പങ്കാളിയാകുവാൻ താത്പര്യമുള്ളവർക്ക് ഞങ്ങളെ ബന്ധപ്പെടാവുന്നതാണ്.

സാമൂഹ്യസേവനത്തിന്റെ ഭാഗമായി സൈക്കിൾ, തയ്യൽ മെഷീനുകൾ, വസ്ത്രങ്ങൾ തുടങ്ങിയവ വിശ്വാസികൾക്ക് നൽകുന്നു. അബുദാബിയിൽ സെന്റ് ആൻഡ്രൂസ് ചർച്ചിലും മുസ്സഫായിലും മഫ്രക്കിലും ബനിയാസിലും എല്ലാ ആഴ്ചയിലും കൂടിവരവുകൾ നടക്കുന്നു. മുസ്സഫ, ഐക്കാട് എന്നീ സ്ഥലങ്ങളിലേക്ക് വാഹനസൗകര്യങ്ങൾ ക്രമീകരിച്ചിട്ടുണ്ട്. ഈ ആരാധനയിലേക്ക് ഞങ്ങൾ ഏവരേയും സ്വാഗതം ചെയ്യുന്നു.

ബന്ധപ്പെടേണ്ട വിലാസം:

Email: bethelpj99@yahoo.com
Website: www.bcdcindia.com
Pr. P.J. Abraham-050 6142988
Pr. T.J. John-050 6120135
Evg. Benny P. John - 050 7900633
Evg. George Rajan - 050 5467364








## Our Prayer Time

Thursday: Cottage Meeting 8.00 pm - 10.00 pm
Friday: Worship Meeting 7.30 am - 10.00 am
(Marthoma Parish Hall Lower Chapel)
Friday: Mussafah Meeting 5.30 pm - 7.30 pm (Brethern Christian Hall, Mussafah)
Saturday: Worship Meeting 8.00 pm - 10.00 pm (St. Andrews Church)

ബെഥേൽ ചർച്ച് ഓഫ് ഗോഡിന്റെ മുസ്സഫ പ്രെയർ സെന്ററിലെ ആരാധന എല്ലാ വെള്ളിയാഴ്ചയും വൈകിട്ട് 5.30ന് പുതുതായി പണികഴിപ്പിച്ച ബ്രദറൺ ചർച്ചിന്റെ ഹാൾ നമ്പർ ജി.3യിൽ നടക്കുന്നു. വാഹനസൗകര്യം ഉണ്ടായിരിക്കുന്നതാണ്.





# സാഹചര്യങ്ങൾ നൽകുന്ന സന്ദേശം ഉൾക്കൊണ്ട് ഐ.സി.പി.എഫ്.

സന്തോഷ് ഈപ്പൻ
ഐ.സി.പി.എഫ്. യു.എ.ഇ. റീജിയൻ കോ–ഓർഡിനേറ്റർ
Email: icpfsha@gmaui.com

പാപത്തിന്റെ ചേറ്റിൽ വീണവരെ കരംപിടിച്ചു രക്ഷിക്കുന്ന, വീണുപോകാൻ സാധ്യതയുള്ളവരെ വീഴാതെ സൂക്ഷിക്കുന്ന രക്ഷാമാർഗമാണ് സുവിശേഷം. ഈ സുവിശേഷത്തിന്റെ വഴിയിൽ നരവധി കർമമേഖലകൾ ഉള്ളതിൽ വളരെ പ്രാധാന്യമേറിയ ശുശ്രൂഷയ്ക്ക് നേതൃത്വം കൊടുക്കുന്ന കൂട്ടായ്മയാണ് വിദ്യാർഥികളുടെ നിത്യജീവന് തുടിപ്പുനല്കുന്ന ഇന്റർകോളജിയേറ്റ് പ്രെയർ ഫെലോഷിപ്പ് (ഐ.സി.പി.എഫ്).

വിദ്യാർഥി എന്ന പദവി ഇന്നു ഭയത്തിന്റെ കരിനിഴൽ വീഴ്ത്തുന്നതാണ്. പണ്ട് വിദ്യാർഥി എന്ന വാക്കിന്റെ അർഥം വിദ്യ അർഹിക്കുന്നവൻ, അഭ്യസിക്കുന്നവൻ എന്നൊക്കെയായിരുന്നു. ആ വിദ്യാർഥി ഗുരുവിന്റെ പാദപീഠത്തിൽ നിന്ന് ഗ്രഹിച്ച് ഗുരുവിനെ അനുസരിച്ച് വിദ്യ എന്ന മഹാധനം നേടി നല്ല പൗരന്മാരായി. ചിലരൊക്കെ ചില കുസൃതിത്തരങ്ങൾ കാട്ടി എന്നതൊഴിച്ചാൽ വിദ്യാർഥി എന്നതിന്റെ പൊതുവായ അർഥത്തിന് മാറ്റ് ഉണ്ടായിരുന്നു. ഇന്ന് എല്ലാ വിദ്യാർഥികളുടെയും (നല്ലതും ചീത്തയും) ഉറവിടമായി വിദ്യാർഥി അധഃപതിച്ചു. ഇത്രയും അധഃപതിച്ച തലമുറയെ രക്ഷിക്കാൻ ആരുണ്ട്? ആ ചോദ്യത്തിന് ഒരു ഉത്തരമാണ് ഐ.സി.പി.എഫ്.

കാർ മോഷണം നടത്തുന്ന സ്കൂൾ വിദ്യാർഥികൾ, സ്കൂട്ടർ മോഷ്ടിക്കുന്ന കമ്പ്യൂട്ടർ വിദ്യാർഥി, സൂചികൊണ്ട് കുത്തി റാഗിംഗ് നടത്തുന്ന നേഴ്സിംഗ് വിദ്യാർഥിനി, നിയമപാലകരെ കുത്തിക്കൊല്ലുന്ന രാഷ്ട്രീയ വിദ്യാർഥി. സംഭവങ്ങളൊക്കെ ആരെയും ഞെട്ടിപ്പിക്കുന്നില്ല. കാരണം, പ്രതീക്ഷിക്കാത്ത മറ്റുപലതും സംഭവിച്ചുകൊണ്ടിരിക്കുന്നു. വിശാലമായ കേരളത്തിന്റെ നീലാകാശത്തിനു കീഴിൽ ഇതൊക്കെ സംഭവിക്കുമ്പോൾ മാതാപിതാക്കൾ അക്കരെയും മക്കൾ ഇക്കരെയും ആയതിന്റെ ബഹുദൂരബന്ധം ഹേതുവായി പറയാം. പക്ഷെ, നിയമത്തിന്റെ കടിഞ്ഞാൺ ശക്തമായ അറബിനാട്ടിൽ, അപ്പനും അമ്മയും മക്കളും ഒറ്റമുറിയിൽ കഴിയുന്ന ഫ്ളാറ്റ് സംസ്കാരത്തിൽ ഒരായിരം കുടുംബങ്ങൾ ഒരൊറ്റ കോണിൽ കഴിയുന്ന കൊച്ചുകോളനിയുടെ കഥ അതല്ല, സത്യം. ഞെട്ടിപ്പിക്കുക മാത്രമല്ല ബോധം നഷ്ടപ്പെടുത്തി വിറങ്ങലിപ്പിക്കുന്നതാണെന്നു പറയുമ്പോൾ? ഈ തലമുറയുടെ രക്ഷകനായി ഐ.സി.പി.എഫ്. പോലുള്ള സംഘടനകൾ ഒഴിച്ചുകൂടാനാകാത്തതു തന്നെ. രക്തം തിളയ്ക്കുന്ന യൗവ്വനത്തിന് പ്രാപ്തമാകാത്ത ഭീകരപ്രവർത്തനത്തിന്റെ ഉപജ്ഞാതാക്കൾ നിയമത്തിന്റെ ചങ്ങല ശക്തമായ ഈ കൊച്ചുനാട്ടിലുണ്ട്. അതും പ്രവാസികളിൽ നിന്നും നമ്മുടെ മലയാള കൗമാരത്തിൽ നിന്നും എന്നു പറയുമ്പോൾ മൂക്കിൽ വിരൽവെച്ചുനില്ക്കുകമാത്രമാണ് പലരും. പത്താംക്ലാസുകാരൻ അവനേക്കാൾ പത്തുവയസ്സിനപ്പുറമുള്ള വൃത്തികേടുകൾക്ക് നേതൃത്വം കൊടുക്കുമ്പോൾ ഈ വിദ്യാർഥി തലമുറയുടെ ധാർമികതയും ആത്മീകതയും നന്നാക്കി പുനർനിർമ്മിക്കേണ്ടതിന്റെ ഉത്തരവാദിത്വം ഏറെ പ്രസക്തമാണ്. മക്കളെ ഓർത്ത് ഹൃദയം പൊട്ടിത്തകരുന്ന മാതാപിതാക്കളുടെ തലമുറകൾക്കുവേണ്ടിയുള്ള രക്ഷാമാർഗം യേശു എന്ന നല്ലഗുരുവിന്റെ സന്ദേശം നല്കി യു.എ.ഇ.ഐ.സി.പി.എഫ് മുന്നേറുന്നു. എന്നാൽ അതിരുകൾ വിശാലമാക്കി കൂടുതൽ മേഖലയിലേക്ക് ഇറങ്ങിച്ചെല്ലണം എന്നുള്ള സന്ദേശം അവിടുത്തെ വിദ്യാർഥി സാഹചര്യങ്ങൾ വിളിച്ചറിയിക്കുന്നു. എല്ലാവർഷവും വിദ്യാർഥികളുടെ ആത്മീക പണിപ്പുരയായി ഐ.സി.പി.എഫ് വാർഷിക ക്യാമ്പ് മൂന്നു ദിവസങ്ങളിലായി ഷാർജാ യൂണിയൻ ചർച്ചിൽ നടത്തി. ഐ.പി.സി. യു.എ.ഇ റീജിയൻ പ്രസിഡന്റ് പാസ്റ്റർ വിൽസൺ ജോസഫ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. തുടർന്ന് വിവിധ സെക്ഷനുകളിൽ യുവപ്രഭാഷകൻ ജെറിൻ ശങ്കരമംഗലം,





*ഇവാ. അനിൽ ഇലന്തൂർ പപ്പറ്റ്ഷോ നടത്തുന്നു.*

ആഫ്രിക്കൻ മിഷനറി ചിനുഡു, ഐ.സി.പി.എഫ് ദേശീയ സെക്രട്ടറി ഡോ. സിനി ജോയ്സ് മാത്യു, ഡോ. ജോസഫ് ജോർജ് എന്നിവർ നടത്തിയ ശക്തമായ വചനപ്രഘോഷണം വിദ്യാർഥികളിൽ സമർപ്പണത്തിന്റെ ഹൃദയം സൃഷ്ടിച്ചു. ആത്മീയ ശുദ്ധീകരണത്തിന്റെ അനുഭവങ്ങൾക്ക് കാരണമായി. വിദ്യാർഥികൾ ദൈവസന്നിധിയിൽ പുതിയ തീരുമാനങ്ങൾ മുമ്പോട്ടുവെച്ചു. പ്രായോഗിക ക്രിസ്തീയ ജീവിതം എങ്ങനെ നയിക്കാനാകുമെന്നുള്ള ദൂതുകൾ ലഭ്യമായി. എറണാകുളം സ്റ്റാഫ് വർക്കർ ജിഫി യോഹന്നാന്റെ നേതൃത്വത്തിലുള്ള ആരാധനയും സംഗീത പരിശീലനവും ക്യാമ്പ് അംഗങ്ങളിൽ ഉണർവും നവോന്മേഷവുമേകി. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടത്തിയ പരിശുദ്ധാത്മാഭിഷേകത്തിന്റെ ആവശ്യകതയെക്കുറിച്ചുള്ള ക്ലാസും ആരാധനയും അനേകം കുട്ടികൾക്ക് അഭിഷേകത്തിന്റെ ശക്തി ലഭിക്കുവാൻ കാരണമായി. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വെവ്വേറെ നടത്തിയ ക്ലാസുകൾ വിദ്യാർഥികളുടെ ചിന്താധാരകളെ വാചാലമാക്കി. അവരുടെ താലന്തുകൾ പ്രദർശിപ്പിക്കാൻ അവസരം ഒരുക്കി. വിനോദാത്മകമായ പരിപാടികൾ, പൊതുചർച്ചകൾ ഏറെ പുതുമയായി. ദിവസവും നടക്കുന്ന പരിപാടികളുടെ വാർത്തകളും മറ്റും അടങ്ങുന്ന കാമ്പസ് മാസിക പുറത്തിറക്കി. ഐ.സി.പി.എഫ്. സംഘടിപ്പിച്ച വിബിഎസ് ചരിത്രമായി. ഏകദേശം അഞ്ഞൂറോളം കുട്ടികൾ പങ്കെടുത്തു. ആടിയും പാടിയും ആർത്തും പഠിച്ചും പഠിപ്പിച്ചും തീർത്ത മൂന്നു ദിവസം കുട്ടികളിൽ മറക്കാനാവാത്ത ദിനങ്ങളായി. എക്സെൽ വിബിഎസ് ഡയറക്ടർ അനിൽ ഇലന്തൂർ, പാസ്റ്റർ ജോൺ ജോസഫ് എന്നിവർ നേതൃത്വം നല്കി. വിവിധ സഭകളിലെ 40 അധ്യാപകരാണ് കുട്ടികൾക്ക് ക്ലാസുകൾ എടുത്തത്. യൂണിയൻ ചർച്ച് ചെയർമാൻ സാമുവൽ ഏബ്രഹാം, എ.ജി. മലയാളം ഡിസ്ട്രിക്റ്റ് സൂപ്രണ്ട് പാസ്റ്റർ പി.എസ്. ഫിലിപ്പ് എന്നിവർ ക്യാമ്പിനെത്തി ആശംസകൾ അർപ്പിച്ചു. പാസ്റ്റർമാരായ ബിജി മത്തായി, അജി ജോസഫ്, കെ.വി. സാം, ഷാജി ഐക്കര, ജോണി ജോസഫ്, ജോഷി കോറോത്ത്, ഷാജി മാത്യു, നൈനാൻ പി.സി., സുനിൽ ജോയൽ ദാസ്, ഈപ്പൻ ജോൺസൺ, വിൻസന്റ്, റോജിൻ പൈനുംമൂട്, മനോജ് ഏബ്രഹാം, ബിനു ജേക്കബ്, ജയിസൺ ജോസഫ്, വർഗീസ് ജേക്കബ് എന്നിവർ നേതൃത്വം നല്കി.



*ജെറിൻ ശങ്കരമംഗലം വിദ്യാർഥികൾക്കുവേണ്ടി പ്രാർഥിക്കുന്നു.*



*വി.ബി.സ്. അധ്യാപകർ ഗാനമാലപിക്കുന്നു.*



# മനസാക്ഷിയിൽ തെളിയേണ്ട മരണപുനരുത്ഥാനങ്ങൾ

പി.സി. ഗ്ലെന്നി

കാതടപ്പിക്കുന്ന ജനാരവം പീലാത്തോസിന് പ്രേരണയേകിയതുകൊണ്ടാണോ യേശു കാൽവറിയിലേക്ക് നയിക്കപ്പെട്ടത്? കുറ്റമൊന്നും കാണാതെ വിട്ടുകൊടുത്ത് കുറ്റക്കാരനല്ലെന്നു വ്യക്തമാക്കുവാൻ കരങ്ങൾ കഴുകിയ ഗവർണറിന്റെ വിധി പ്രഖ്യാപനങ്ങൾക്കൊക്കെ മുമ്പെ പിതാവായ ദൈവം പുത്രനായ യേശുവിനെ ക്രൂശിപ്പാൻ അനുവദിച്ചുവെന്ന് പറയുമ്പോൾ യേശുവിന്റെ അനുകാരികൾക്ക് രോഷം വന്നേക്കാം. എന്നാൽ, യേശു ക്രൂശിൽ മരിക്കേണ്ടത് പിതാവിന്റെ ഹിതമായിരുന്നു. ആ ദയനീയ മരണത്തിലൂടെ നാമെല്ലാവരും മോചനത്തിന്റെ പാതയിലേക്ക് സഞ്ചരിക്കുന്നു. ദുഃഖവെള്ളിയാഴ്ച വളരെ പരിപാവനതയോടെ



ലോകക്രൈസ്തവർ ആചരിക്കുന്നു. ഭക്തിയുടെ യാതൊരു ലക്ഷണവും പ്രകടിപ്പിക്കാത്ത ക്രിസ്തീയ കുടുംബത്തിലെ ഏതൊരംഗവും ദുഃഖവെള്ളിയാഴ്ച ദിനമെങ്കിലും പള്ളിയിൽ പോകാറുണ്ട്. കാരണം കാൽവറിയിലെ ക്രൂശുമരണത്തിന്റെ കഠിനത ജാതിമതഭേദമെന്യെ എല്ലാവരും മനസ്സിലാക്കുന്നുവെന്നുള്ളതു തന്നെ. എന്നാൽ, യേശുവിന്റെ മരണത്തിന്റെ ദീനഭാവം അംഗീകരിക്കുന്ന നാം ക്രൈസ്തവജനം മനസാക്ഷിയോടു ചോദിച്ച് ക്രിസ്തുവിന്റെ മരണം എന്തിനുവേണ്ടിയായിരുന്നുവെന്ന് ഉത്തരം കണ്ടെത്തുക. മാനവജാതിയുടെ പാപങ്ങളുടെ പരിഹാരത്തിന് അവസാനരക്തത്തുള്ളിയും യേശു നല്കിയത് ഓർക്കുവാൻ നമുക്കു കഴിയുന്നുണ്ടോ? യേശു നമുക്കുവേണ്ടി മരിച്ചു. നമ്മുടെ പാപങ്ങൾ മോചിക്കാൻ കഷ്ടമനുഭവിച്ചു. അതിനാൽ പാപത്തിൽ നിന്ന് അകന്നുനില്ക്കണം. യേശുവിലേക്കു നോക്കി പ്രകാശിതരാകണം എന്ന ബോധം ഉയർത്തി യേശുവിന്റെ മരണത്തെ സ്മരിക്കുക.

യേശുവിന്റെ പുനരുത്ഥാനം പിശാചിലേക്കുള്ള വിജയമാണ്. യേശു ഇനിയും ചരിത്രം മാത്രമെന്ന് വീമ്പിളക്കിയ ഈലോകത്തിന്റെ ശക്തി പരാജയപ്പെട്ട ദിനമാണ് ഉയർത്തെഴുന്നേല്പുദിനം. നാം പാപത്തെ എതിർത്ത് യേശുവിന്റെ ഉയർത്തെഴുന്നേല്പ് വ്യക്തമാക്കുകയാണ്. യേശു ഉയർത്തെഴുന്നേറ്റതും നമുക്കുവേണ്ടിയാണ്. ഇനിയും വരുവാനിരിക്കുന്ന യേശു നിത്യരാജത്വം പ്രാപിക്കുവാൻ നമുക്ക് പൗരന്മാരാകുവാൻ കഴിയണമെങ്കിൽ മനസ്സിലെ മിഴികൾ തുറന്ന് ക്രിസ്തുവിന്റെ മരണവും പുനരുത്ഥാനവും വ്യക്തമായി ദർശിക്കുക. മനസ്സിന്റെ കണ്ണാടിയിൽ യേശുവിന്റെ യഥാർഥ മരണത്തിന്റെ ചിത്രം തെളിയട്ടെ. യേശുവിനുവേണ്ടി ജീവിച്ച് കഷ്ടത അനുഭവിച്ച അപ്പൊസ്തലന്മാരിൽ തെളിഞ്ഞതുപോലെ നമ്മിലും തെളിയുവാൻ ഈ ദുഃഖവെള്ളിയാഴ്ചയും ഈസ്റ്ററും ബോധമേകട്ടെ.

# സമയമില്ലായെന്ന് ഭോഷ്ക്

ടൈറ്റസ് ജോൺസൻ

ദൈവം നിത്യനാണ്. എങ്കിലും മനുഷ്യനെ ദൈവം സമയത്തിനും കാലത്തിനും അധീനനായി സൃഷ്ടിച്ചു. പിന്നീട് വീണ്ടും സമയത്തിലേക്ക് ഇറങ്ങിവന്നു. അത് നിത്യരക്ഷയ്ക്ക് മാർഗവുമായി. സമയത്തിനുള്ളിൽ വസിക്കുന്ന മനുഷ്യനോട് സഹവസിക്കുവാൻ ഇച്ഛിക്കുന്ന ദൈവം നിത്യതയും സമയവും തമ്മിൽ ഒരു സമന്വയം, ഇതാണ് പഴയനിയമം. അപ്പൊസ്തലന്മാരുടെ നിയമനത്തിന്റെ പ്രഥമ ഉദ്ദേശ്യവും ഇതുതന്നെയായിരുന്നു. "തന്നോടുകൂടെ ഇരിപ്പാനും..." (മർക്കൊ. 3: 13,14). എന്നാൽ ഈ പ്രഥമ കർത്തവ്യം. മറന്നുപോകുന്ന ആധുനിക അപ്പൊസ്തലന്മാരാണ് ഇന്ന് സഭയുടെ പ്രധാനഭീഷണിയെന്ന യാഥാർഥ്യം മറുപുറത്തുണ്ട്. അധികാരവും അനുഭവസമ്പത്തും ആശ്രിതവൃന്ദവും അധികമാകുമ്പോൾ ഇവരുടെ "ശുശ്രൂഷകൾ" സ്വയംകൃതവും യാന്ത്രികവുമാകുന്നു. ഫലമോ വിരസവും വികലവുമായ ശബ്ദാന്തരീക്ഷത്തിന്റെ മാസ്മരികതയിൽ പാവം കേൾവിക്കാർ മോഹാലസ്യപ്പെട്ടുപോകുന്നു.

പകലന്തിയോളം പ്രവർത്തി തികച്ച ദൈവപുത്രൻ വിശ്രമത്തിനായി വെമ്പുന്ന ശരീരത്തെ വിലക്കിനിർത്തി വീണ്ടും അടുത്ത ദിനത്തേക്കുള്ള ശക്തി പിതാവിനോട് ചോദിക്കുവാൻ മലമുകളും നിർജ്ജന പ്രദേശങ്ങളും തേടിയിറങ്ങി. നമുക്ക് അനുകരണീയമായ ആ മാതൃകയും നല്കി. പക്ഷെ, യേശുവിന്റെ ആവശ്യം ബാക്കി നില്ക്കുന്നു. (അനുകാരികളെ ആവശ്യമുണ്ട്). കർത്തവ്യങ്ങൾ മൂന്നരവർഷം കൊണ്ട് കൃത്യതയോടെ പൂർത്തീകരിച്ച യേശുവിന്റെ അന്ത്യമൊഴിയിൽ ആവലാതിയില്ല. "നിവൃത്തിയായി" എന്ന സംതൃപ്തി. എന്നാൽ നമുക്ക് ഇന്നോ? നാം ഏകസ്വരത്തിൽ പറയുന്ന ഒരു വാക്കുണ്ട്– "സമയമില്ല"

ലോകത്തിൽ ഏറ്റവും വിലയുള്ളത് സമയമാണ്. അതുകൊണ്ട് തന്നെ, പിശാച് ഏറ്റവുമധികം കവർന്നെടുക്കാൻ ശ്രമിക്കുന്നതും ഇതുതന്നെ. അല്ലെങ്കിൽ തന്നെ, മോഷ്ടിക്കുക, അറുക്കുക, മുടിക്കുക (യോഹ. 10:10) എന്നതാണല്ലോ അവന്റെ ആപ്തവാക്യം. ഇങ്ങനെയാണ് മനുഷ്യൻ പറയുന്ന ഏറ്റവും ഭോഷ്ക് 'സമയമില്ല' എന്നതായി മാറിയത്. ആദ്യപിതാവായ ആദത്തിനും, രക്ഷപെട്ടവരുടെ പിതാവായ നോഹയ്ക്കും വിശ്വാസികളുടെ പിതാവായ അബ്രഹാമിനും വിമോചിതരുടെ വഴിയായിത്തീർന്ന യേശുവിനുമെല്ലാം ഇതേ സമയം തന്നെയായിരുന്നു. അമേരിക്കൻ പ്രസിഡന്റ് ഒബാമയ്ക്കും ഭാരതത്തിന്റെ ജ്ഞാനസമ്പത്തായ അബ്ദുൾ കലാമിനും രാഷ്ട്രതന്ത്രജ്ഞർക്കും വ്യവസായ പ്രമുഖർക്കുമെല്ലാം എന്നപോലെ നമുക്കും ഒരു ദിവസത്തിന് 24 മണിക്കൂർ ലഭിച്ചിട്ടുണ്ട്. അതായത്, ഉത്തരവാദിത്വങ്ങൾ കൂടുതലുള്ളവർക്കും കുറവുള്ളവർക്കും ദൈവം മുഖപക്ഷമില്ലാതെ തുല്യമായി സമയം നല്കിയിരിക്കുന്നു. ഇതാണ് സത്യമെങ്കിൽ 'സമയമില്ല' എന്ന് നാം പറയുന്നതിന്റെ പൊരുളെന്താണ്?

മനസ്സിരുത്തി പഠിച്ചാൽ ഇതിന്റെ പ്രശ്നം നാം തന്നെയാണ്. നാം ശരിയായി സമയം വിനിയോഗം അഥവാ വിനിമയം ചെയ്യുന്നില്ല. അതായത് നമ്മുടെ അശ്രദ്ധ, അറിവില്ലായ്മ, പ്രാവീണ്യക്കുറവ്, ഉത്സാഹക്കുറവ് തുടങ്ങിയവയെല്ലാം സമയത്തെ നഷ്ടമാക്കിക്കളയുന്ന ഘടകങ്ങളായി മാറുന്നു. യഥാർഥത്തിൽ ഒരു വ്യക്തിക്കുപോലും സമയം ഇല്ലാതെവരുന്നില്ല.

ധനവിനിയോഗത്തിന് നമുക്ക് വ്യക്തമായ കണക്കുകൂട്ടലുകളുണ്ട്. ഓരോ ചില്ലി ഫിൽസുപോലും നാം സൂക്ഷ്മമായി മാത്രമേ വിനിയോഗിക്കുന്നുള്ളൂ. (ദൈവത്തിനുള്ള ദശാംശംപോലും നാം ആവർത്തിച്ചെണ്ണി ഉറപ്പുവരുത്തുന്നു. കാരണം, നമ്മുടേത് വല്ലതും അറിയാതെ അധികമായി ദൈവത്തിന്റെ കയ്യിൽ ചെന്നുപെട്ടാലോ?) അതുപോകട്ടെ, സമയത്തിന്റെ കാര്യത്തിലോ? സമയത്തെ ശരിയായി സൂക്ഷ്മതയോടെ വിനിയോഗം ചെയ്യുവാൻ നാം പരിശ്രമിക്കാറുണ്ടോ? ശരിയായ കണക്കുകൂട്ടലുകളില്ലെങ്കിൽ വനിമയം ലാഭകരമല്ലായെന്നു ധനത്തിന്റെ തത്ത്വം തന്നെയാണ് സമയത്തിന്റേതും.

സമയവിനിയോഗത്തെ കേന്ദ്രീകരിച്ച് പൗലൊസ് എഴുതിയിരിക്കുന്ന വേദഭാഗം അല്പമായി ചിന്തിക്കാം. "ആകയാൽ സൂക്ഷ്മതയോടെ, അജ്ഞാനികളായിട്ടല്ല, ജ്ഞാനികളായിട്ടത്രെ നടപ്പാൻ നോക്കുവിൻ. ഇത് ദുഷ്കാലമാകയാൽ സമയം തക്കത്തിൽ ഉപയോഗിച്ചുകൊൾവിൻ. ബുദ്ധിഹീനരാകാതെ കർത്താവിന്റെ ഇഷ്ടം ഇന്നതെന്ന് ഗ്രഹിച്ചുകൊൾവിൻ. see then that you walk circumspectly, not as fools but as wise, redeeming time, because the day sare evil. Therefore do not be unwise, but understand what the will of the Lord" (Eph. 5: 15-17). ഈ വേദഭാഗം പഠിച്ചാൽ നാം സമയം ഉപയോഗിക്കുന്നതിൽ ശ്രദ്ധിക്കേണ്ട അഞ്ച് കാര്യങ്ങൾ ഉണ്ട്.

1. സമയത്തെ ജാഗ്രതയോടെ ഉപയോഗിക്കുക (use time circumspectly).

സമയത്തെപ്പറ്റി നാം സൂക്ഷ്മതയുള്ളവരാകണം. ധനം കൈകാര്യം ചെയ്യുന്നതിനേക്കാൾ ശ്രദ്ധയോടെ വേണം നാം സമയത്തെ ഉപയോഗിക്കേണ്ടത്. പണം വീണ്ടും അധ്വാനിച്ച് കണ്ടെത്താം. സമയം ഒരിക്കലും തിരിച്ചുവരുന്നില്ല. കൊഴിഞ്ഞുപോകുന്ന ജീവിതദിനങ്ങൾ മടക്കിയെടുക്കാനാവില്ല. അതുകൊണ്ട് സമയത്തെ സമ്പാദ്യമാക്കുക. ആരോ പറഞ്ഞു: Time and tide waits for no man.

2. സമയത്തെ ജ്ഞാനത്തോടെ ഉപയോഗിക്കുക (use time wisely)

നഷ്ടബോധത്താൽ ഉഴലുന്ന ധാരാളം ആളുകൾ നമുക്ക് ചുറ്റും ഉണ്ട്. അജ്ഞതകളുടെ ഭൂതകാലത്തിന്റെ ബലിയാടുകളാണിവർ. മനുഷ്യബന്ധങ്ങളിലെയും വിദ്യാഭ്യാസത്തിലെയും മറ്റും നഷ്ടപ്പെട്ട് ഇന്നലകളെ ഓർത്ത് തേങ്ങുന്നവർ. ജ്ഞാനത്തോടെ ചിന്തയും വിവേകവും ഉപയോഗിച്ച് സമയത്തെ മുതലാക്കണമെന്നുള്ളതിന്റെ ചൂണ്ടു പലകകളായിവർ നില്ക്കുന്നു.

3. സമയത്തെ വീണ്ടെടുത്ത് ഉപയോഗിക്കുക (Use time by redeeming it)

ഫലപ്രദമായി സമയം ഉപയോഗിക്കുക എന്നതാണ് ഇതിനർഥം. മാർക്കറ്റിംഗിന് സമയം ഉപയോഗിക്കുന്ന അർഥത്തിലാണ് ഈ പദം ഇവിടെ ഉപയോഗിക്കുന്നത്. Redeem the time എന്നാൽ അനുകൂല സാഹചര്യങ്ങളെ കണ്ടെത്തി, ഫലപ്രദമായി സമയം ഉപയോഗിക്കുന്നതിലൂടെ ബിസിനസ് പുരോഗതിയിലേക്ക് കൊണ്ടുവരുന്നതിന് സമാനമാണ്. സകലത്തിലും ദശാംശം കൊടുക്കേണ്ടവരായ നാം ഒരു ദിവസത്തിന് രണ്ടു മണിക്കൂറും 24 മിനിട്ടും ദൈവത്തിനായി കടംപെട്ടിരിക്കുന്നു.

4. കാലം തിരിച്ചറിഞ്ഞ് സമയത്തെ വിനിയോഗിക്കുക (Use time by understanding these days).

പൂർവ്വകാലങ്ങളെക്കാൾ സാസംസ്കാരിക സാങ്കേതിക അഭ്യുന്നതി ഒരു വശത്തും, പാപവും അനുബന്ധ അധാർമികതകളും മറുവശത്തും വളരുന്നു. ഈ സാഹചര്യത്തിൽ കാലത്തെ തിരിച്ചറിഞ്ഞുവേണം ദൈവമക്കൾ സമയം വിനിയോഗിക്കേണ്ടത്. വക്രതയും കോട്ടവുമുള്ള തലമുറയുടെ നടുവിൽ അനിന്ദ്യരും പരമാർഥികളും ദൈവത്തിന്റെ പ്രിയമക്കളുമായി ലോകത്തിൽ ജ്യോതിസ്സുകളെപ്പോലെ വിളങ്ങണം.

5. ദൈവഇഷ്ടം തിരിച്ചറിഞ്ഞ് സമയം വിനിയോഗിക്കുക (Use time by realizing the will of God).

ദൈവഹിതത്തിന്റെ മാത്രം പ്രത്യേകതയാണ് പൂർണത. യേശുവിന്റെ ജീവിതശൈലി തന്നെ പിതാവിന്റെ ഇഷ്ടാനുവാർത്തനമായിരുന്നു. ഓരോ വ്യക്തിയെപ്പറ്റിയും ദൈവത്തിനു വ്യക്തമായ പ്ലാനുണ്ട്. അത് തിരിച്ചറിഞ്ഞാവണം നാം സമയം ഉപയോഗിക്കേണ്ടത്. ഈ ജീവിതം ജീവിക്കുവാനാണ് ദൈവം നമ്മെ സമയത്തിനുള്ളിൽ സൃഷ്ടിച്ചാക്കിയിരിക്കുന്നത്. കൂടാതെ വീണ്ടെടുപ്പു മുതൽ നിത്യത വരെ സകലതും ദൈവം ദാനമായി നല്കിയിട്ടുമുണ്ട്. അതിനെല്ലാം നാം കണക്കുകൊടുത്തേ പറ്റൂ. ക്രിസ്തീയ ദൗത്യവും ശുശ്രൂഷയുമെല്ലാം ഈ ദാനത്തിൽ പെടുന്നു. അതായത്, ദൈവരാജ്യപൗരനായിത്തീർന്ന ഒരാൾക്ക് ദൈവം തന്റെ ബിസിനസിൽ എവിടെയൊക്കെയോ അവസരങ്ങൾ നല്കുന്നു. ഇത് തിരിച്ചറിഞ്ഞ് സമയം ഉപയോഗിക്കുന്നത് നമ്മുടെ വിശ്വസ്തതയാണ്, കടപ്പാടാണ്. ചിന്തകനായ റിച്ചാർഡ് ചെസ്റ്റർ പറഞ്ഞു: നാം വീണ്ടെടുപ്പ് പ്രാപിച്ചവരാകയാൽ സമയത്തെ വീണ്ടെടുക്കുന്നവരാകണം.

ലോകചരിത്രത്തിന്റെ തന്നെ സുപ്രധാന സമയത്ത് ജീവിക്കുന്നവരാണ് നാം. കാലത്തിന്റെ ഓരോ സ്പന്ദനവും നാം തിരിച്ചറിയണം. കർത്താവ് വരാറായി. കാലാവസ്ഥാ വ്യതിയാനങ്ങളും മറ്റും അതിന് സാക്ഷി. പുനർവിചിന്തനത്തിന് അവസരം നല്കാതെ സമയം നമുക്ക് മുമ്പേ ഓടുകയാണ്. സമയം തക്കത്തിൽ ഉപയോഗിക്കാം.

For Advertisements & News Publishing Please Contact: 050-3241610, 055-3969791



*ഗൾഫ് മലയാളി ക്രിസ്ത്യൻ റൈറ്റേഴ്സ് ഫോറം ഷാർജയിൽ നടത്തിയ സെമിനാറിൽ പാ. ബാബു ജോർജ് പത്തനാപുരം പ്രസംഗിക്കുന്നു.*

## ദർശനത്തിന്റെ അഭാവം ആത്മീയ അപചയത്തിൽ എത്തിച്ചു: പാ. ബാബു ജോർജ്, പത്തനാപുരം

**ഷാർജ:** ദൈവീകദർശനത്തിന്റെ അഭാവമാണ് ആത്മീയഅപചയത്തിന് കാരണമായെന്ന് പാസ്റ്റർ ബാബു ജോർജ് (പത്തനാപുരം) പ്രസ്താവിച്ചു. ദൈവികദർശനം മനുഷ്യരെ ആത്മീയമായി ഉയർത്തുമെന്നും ദർശനം സാക്ഷാത്ക്കരിക്കപ്പെടണമെങ്കിൽ ക്രൈസ്തവധർമ്മം പാലിക്കപ്പെടണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഗൾഫ് മലയാളി ക്രിസ്ത്യൻ റൈറ്റേഴ്സ് ഫോറം ഷാർജ യൂണിയൻ ചർച്ചിൽ നടത്തിയ സെമിനാറിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. പാസ്റ്റർ റൈറ്റസ് ജോൺസൻ അധ്യക്ഷത വഹിച്ചു. പാസ്റ്റർ മുളവന മോഹൻദാസ്, മോൻസി കെ. വിളയിൽ, വിജി മാത്യു, തോമസ് പഞ്ഞിക്കാട്ടിൽ എന്നിവർ പ്രസംഗിച്ചു. ലിബ്നി കട്ടപ്പുറം ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നല്കി.

ഷിബു മുള്ളംകാട്ടിൽ സ്വാഗതവും, റോജിൻ പൈനുംമൂട് നന്ദിയും പറഞ്ഞു. അലക്സ് ജോൺ, ലാൽ മാത്യു, ജയിംസ് മേമന എന്നിവർ നേതൃത്വം നല്കി.

## ഷാർജാ ഐ.പി.സി. കൺവൻഷൻ 26 മുതൽ

**ഷാർജ:** ഷാർജ ഐ.പി.സി.യുടെ വാർഷിക കൺവൻഷൻ ഏപ്രിൽ 26- 28 വരെ ഷാർജ യൂണിയൻ ചർച്ച് മെയിൻ ഹാളിൽ നടക്കും. വൈകിട്ട് 8 ന് നടക്കുന്ന പൊതുയോഗങ്ങളിൽ പ്രശസ്തസുവിശേഷപ്രഭാഷകൻ പാസ്റ്റർ ബാബു ചെറിയാൻ പ്രസംഗിക്കും. സഭാശുശ്രൂഷകൻ പാസ്റ്റർ ബിജി മത്തായി അധ്യക്ഷതവഹിക്കും.

## ആത്മപ്പകർച്ച പ്രാർഥനാ സമ്മേളനം

**ദുബൈ:** ഫയർ ഓഫ് റിവൈവൽ ചർച്ച് ഒരുക്കുന്ന ആത്മപ്പകർച്ച പ്രാർഥനാസമ്മേളനം ഏപ്രിൽ ... ഷാർജ വർഷിപ്പ് സെന്റർ മെയിൻ ഹാളിൽ നടക്കും. രാവിലെ 9 മുതൽ രാത്രി 9 വരെ നടത്തുന്ന ആരാധനയിലും വിടുതൽ ശുശ്രൂഷകളിലും പ്രഭാഷകന്മാർ നേതൃത്വം നല്കുമെന്ന് സഭാശുശ്രൂഷകൻ പാസ്റ്റർ ബിജോയ് അറിയിച്ചു.

## ക്രിസ്തുവിൽ ഉറച്ചവർക്ക് ചഞ്ചലപ്പെടേണ്ടതില്ല: പാസ്റ്റർ പി.എസ്. ഫിലിപ്പ്



*ക്വയർ ഗാനങ്ങളാലപിക്കുന്നു.*

**അൽ ഐൻ:** ഏതു പ്രതിസന്ധിയുടെ നടുവിലും ക്രിസ്തുവിന്മേൽ ഉറച്ചവർക്ക് ചഞ്ചലപ്പെടേണ്ടതില്ലെന്ന് പ്രശസ്ത സുവിശേഷപ്രഭാഷകനും എ.ജി. മലയാളം ഡിസ്ട്രിക്ട് സൂപ്രണ്ടുമായ പാസ്റ്റർ പി.എസ്. ഫിലിപ്പ് പറഞ്ഞു.

അൽ ഐൻ ശാലേം എ.ജി. ഫ്യൂച്ചർ ഇൻർനാഷണൽ സ്കൂളിൽ സംഘടിപ്പിച്ച മ്യൂസിക് നൈറ്റിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ക്രൈസ്തവസഭയെ തകർക്കാൻ ഹെരോദാവ് തുടങ്ങിയവർ പ്രാരംഭഘട്ടങ്ങളിൽ തന്നെ ശ്രമിച്ചെങ്കിലും ക്രിസ്തു എന്ന ജീവനുള്ള കല്ലിന്മേൽ അടിസ്ഥാനം ഇട്ടിരുന്നതിനാൽ അത് കഴിഞ്ഞില്ലെന്നും അദ്ദേഹം പറഞ്ഞു. ദുബൈ ശാലേം എ.ജി. സഭാ ശുശ്രൂഷകൻ പാസ്റ്റർ സഖറിയാ ഏബ്രഹാം അധ്യക്ഷത വഹിച്ചു. മിഡിൽ ഈസ്റ്റ് ക്രിസ്ത്യൻ യൂത്ത് മിനിസ്ട്രിയുടെ സംഗീതവിഭാഗമാണ് ഗാനശുശ്രൂഷകൾക്ക് നേതൃത്വം നല്കിയത്. സഭാശുശ്രൂഷകൻ പാസ്റ്റർ സാബു ലൂയിസ് സ്വാഗതവും അജി കെ. ജോർജ് നന്ദിയും പറഞ്ഞു.

## ദൈവവചനത്തിലേക്ക് മടങ്ങിവരണം: സുവി. പി.ഐ. ഏബ്രഹാം

**അബുദബി:** ദൈവവചനത്തിലേക്ക് വിശ്വാസസമൂഹം മടങ്ങിവരണമെന്ന് പ്രശസ്ത സുവിശേഷപ്രഭാഷകൻ സുവി. പി.ഐ. ഏബ്രഹാം (കാനംഅച്ചൻ) പറഞ്ഞു. അബുദബി മലയാളി ക്രിസ്ത്യൻ കോൺഗ്രിഗേഷൻ വാർഷിക കൺവൻഷനിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

സമൂഹത്തിന്റെ ധാർമികത നഷ്ടപ്പെടുന്നതുപോലെ വിശ്വാസികളിൽ ആത്മികതയും നഷ്ടപ്പെടുന്നു. ഈ കാലത്തെ വിശ്വാസികളുടെ ഭൗതിക വളർച്ചയും വചനപഠനമില്ലായ്മയും ഇതിനു കാരണമാകുന്നുവെന്ന് അദ്ദേഹം പറഞ്ഞു. സെന്റ് ആൻഡ്രൂസ് ചർച്ചിൽ നടന്ന കൺവൻഷനിൽ പാസ്റ്റർ ജോൺ വർഗീസ് അധ്യക്ഷത വഹിച്ചു. എം.സി.സി. ക്വയർ ഗാനശുശ്രൂഷ നടത്തി. സെക്രട്ടറി ജോൺസൺ പി. ജോൺ സ്വാഗതവും പ്രേംജി നന്ദിയും പറഞ്ഞു.

## റിലീഫ് നെറ്റ് വചനധ്യാന, പ്രാർഥന സമ്മേളനം ആരംഭിക്കുന്നു

**മുസഫ:** സുവിശേഷീകരണ രംഗത്തും ആതുരസേവനരംഗത്തും വിവിധ പരിപാടികളോടെ ലേബർ ക്യാമ്പുകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന റിലീഫ് നെറ്റ് മുസഫയിൽ വചനധ്യാന പ്രാർഥനാസമ്മേളനം ആരംഭിക്കുന്നു.

എല്ലാ ശനിയാഴ്ചകളിലും രാത്രി 8 മുതൽ 10 വരെ മുസഫ ബ്രദറൺ ചർച്ച് സെന്ററിലെ ഹാളിലാണ് സമ്മേളനം. ഒരു സഭയല്ലാത്ത റിലീഫ് നെറ്റിന് ഇന്ന് ഇന്ത്യയിലും കുവൈറ്റിലുമായി വിവിധ പ്രവർത്തനങ്ങൾ നടക്കുന്നു. കൂടുതൽ വിവരങ്ങൾക്ക്: 050 3241610, 0558192399, 050 7921729





അബുദബി പെന്തെക്കോസ്തൽ ചർച്ചസ് കോൺഗ്രിഗേഷൻ (ആപ്കോൺ) ഒരുക്കുന്ന

# സുവിശേഷമഹായോഗം



സ്ഥലം: സെന്റ് ആന്ദ്രൂസ് ചർച്ച് അബുദബി
സമയം: 2011 മെയ് 2,3,4 (തിങ്കൾ, ചൊവ്വ, ബുധൻ വരെ)
ദിവസവും വൈകിട്ട് 7.30 മുതൽ 10 വരെ.

പാസ്റ്റർ ബാബു ചെറിയാൻ (പിറവം) പ്രസംഗിക്കുന്നു.

ഏവർക്കും സ്വാഗതം

കൂടുതൽ വിവരങ്ങൾക്ക്: വർഗീസ് ജേക്കബ് 050 6682298, ജോയി മാത്യു 050 7820073
മുസഫയിൽ നിന്ന് യാത്രാസൗകര്യം ഉണ്ടായിരിക്കുന്നതാണ്.










Edited, Printed and published by P.C. Glenny, Editor in charge Santhosh Abraham. news@newsmanna.com, Visit: www.newsmanna.com 050 3241610, 055 3969791